**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 852** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗം വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സേവന വേതന വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവിഭാഗം വിദ്യാർത്ഥികൾക്കായി ആരംഭിച്ച പ്രിയദർശിനി പാരാമെഡിക്കൽ സെന്റർ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിലെ അദ്ധ്യാപകർ, മറ്റ സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സ്വീകരിച്ച തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | പട്ടികവിഭാഗം വിദ്യാർത്ഥികൾക്കായി ആരംഭിച്ച പ്രിയദർശിനി പാരാമെഡിക്കൽ സെന്റർ പട്ടികജാതി വകുപ്പ് നിർമ്മാണം നടത്തി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ടി സ്ഥാപനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത്. പ്രസ്തുത സ്ഥാപനത്തിലെ അദ്ധ്യാപകർക്കും, മറ്റ ജീവനക്കാർക്കും സർക്കാർ മാനദണ്ഡപ്രകാരമുള്ള ശമ്പളമാണ് നൽകുന്നത്.<br><br>പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ചെയർമാനും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ കൺവീനറും ,പൊതുവിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പട്ടികവർഗ്ഗ/ പട്ടികജാതി വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, എസ്.സി.ഇ.ആർ.ടി പ്രതിനിധി എന്നിവരടങ്ങുന്ന കമ്മിറ്റിയുടെ നേതൃത്വത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ജോലി ചെയ്യാൻ താൽപര്യമുള്ള പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ അദ്ധ്യാപകരിൽ നിന്നും അഭിമുഖം നടത്തിയാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അദ്ധ്യപകരെ നിയമിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകളാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്കും ബാധകമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ